ജി2/ ഇ-33106 /2017-റ്റിസി

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം
ട്രാൻസ് ടവേഴ്സ്, തിരുവനന്തപുരം
തീയതി: 06.04.2018

## സർക്കുലർ നം. 09/2018

വിഷയം: മോട്ടോർ വാഹന വകുപ്പ്- റദ്ദ് ചെയ്ത ടാക്സ് ലൈസൻസ്, ഫീസ് രസീത് എന്നിവയുടെ ദുരുപയോഗം തടയുന്നത്

സൂചന: 14-09-2007-ലെ എം ഐ റ്റി2/15552/റ്റിസി/2007 നമ്പർ കത്ത്

ഓഫീസിലെ വിവിധ സേവനങ്ങൾക്കായി റദ്ദ് ചെയ്ത് ഫീസ് രസീതുകൾ, ഫീൽഡിൽ കോമ്പൌണ്ടിംഗ് ഫീസ് ഇനത്തിലോ, മറ്റിനത്തിലോ സ്വീകരിക്കുന്ന ഫീസുകൾ എന്നിവ ദുരുപയോഗം ചെയ്യുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഇത് ഗുരുതരമായ തെറ്റ് മാത്രമല്ല സർക്കാരിന് വമ്പിച്ച സാമ്പത്തിക നഷ്ടം വരുത്തുകയും ചെയ്യുന്നുണ്ട്. റദ്ദ് ചെയ്ത ടാക്സ് ലൈസൻസ്, ഫീസ് രസീത് എന്നിവയുടെ ദുരുപയോഗം തടയുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ഒരു പ്രാവശ്യം റദ്ദ് ചെയ്ത ടാക്സ് ലൈസൻസ്, ഫീസ് രസീത് എന്നിവ യതൊരു കാരണവശാലും മറ്റ് സർവ്വീസുകൾക്കായി മാറ്റംവരുത്തി ഉപയോഗിക്കുവാൻ പാടുള്ളതല്ല
2. ടാക്സ് ലൈസൻസ്, ഫീസ് രസീത് എന്നിവ റദ്ദാക്കുന്നത് ഹെഡ് അക്കൌണ്ടന്റെ അനുമതിയോടെയായിരിക്കണം. മാത്രമല്ല റദ്ദ് ചെയ്യുന്നതിനുള്ള കാരണം ടാക്സ് ലൈസൻസ്/ഫീസ് രസീതിൽ രേഖപ്പെടുത്തുകയും, ബന്ധപ്പെട്ട ക്ലർക്ക്, ഹെഡ് അക്കൌണ്ടന്റ്, ഓഫീസ് മേലധികാരി എന്നിവർ പ്രസ്തുത രസീതിൽ ഒപ്പ് വച്ചിരിക്കുകയും വേണം. ഇങ്ങനെ ഒപ്പിടുമ്പോൾ പ്രസ്തുത രസീത് റദ്ദാക്കലിന് ശേഷം ഉപയോഗിച്ചിട്ടില്ലെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ഫീൽഡിൽ റ്റി.ആർ.5 രസീത് മുഖാന്തിരം സ്വീകരിച്ച കോമ്പൌണ്ടിംഗ് ഫീസ് യാതൊരു കാരണവശാലും other office സംവിധാനം വഴി convert ചെയ്യാൻ പാടുള്ളതല്ല.

3. ടാക്സ് ലൈസൻസ്, ഫീസ് രസീത് എന്നിവ റദ്ദാക്കിയത് സംബന്ധിച്ച വിവരങ്ങൾ ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. പ്രസ്തുത രജിസ്റ്ററിൽ ക്രമ നമ്പർ, ടാക്സ് ലൈസൻസ്/ഫീസ് രസീതിന്റെ നമ്പർ, ഇൻവേഡ് നമ്പർ ഉണ്ടെങ്കിൽ ആയത്, റദ്ദ് ചെയ്ത തീയതി, റദ്ദ് ചെയ്യുന്നതിനുള്ള കാരണം, റദ്ദ് ചെയ്ത ഉദ്യോഗസ്ഥന്റെ/ഉദ്യോഗസ്ഥയുടെ പേര് എന്നിവ നിർബന്ധമായും ചേർക്കേണ്ടതും, എൻട്രി വരുത്തിയതിന് ശേഷം ഓഫീസ് മേലധികാരിയെക്കൊണ്ട് ഒപ്പിടീക്കുകയും ചെയ്യേണ്ടതാണ്.

4. റദ്ദാക്കിയ ടാക്സ് ലൈസൻസ്, ഫീസ് രസീത് എന്നിവ സ്റ്റോക്ക് കൈകാര്യം ചെയ്യുന്ന ക്ലർക്ക് തീയതി, ക്രമത്തിൽ ടാഗ് ചെയ്ത് സൂക്ഷിക്കേണ്ടതും എല്ലാ മാസവും ഓഫീസ് അധികാരി സമക്ഷം ഫിസിക്കൽ വെരിഫിക്കേഷനായി ഹാജരാക്കേണ്ടതുമാണ്.

5. ഓഫീസ് മേലധികാരി റദ്ദാക്കിയ ടാക്സ് ലൈസൻസ്, ഫീസ് രസീത് എന്നിവ രജിസ്റ്ററുമായി ഒത്തു നോക്കുകയും, അക്കൌണ്ട് കൃത്യമാണെന്ന് ഉറപ്പ വരുത്തിയ ശേഷം പ്രസ്തുത കാര്യം രജിസ്റ്ററിൽ സാക്ഷ്യപ്പെടുത്തേണ്ടതാണ്

6. റദ്ദാക്കിയ ടാക്സ് ലൈസൻസ്, ഫീസ് രസീത് എന്നിവ ഇന്റേണൽ ഓഡിറ്റ്, ലോക്കൽ ഓഡിറ്റ് ടീമുകൾ സമക്ഷം പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

7. റദ്ദാക്കിയ ടാക്സ് ലൈസൻസ്, ഫീസ് രസീത് എന്നിവയ്ക്ക് കൌണ്ടർ ഫോയിൽ ഇല്ലെങ്കിൽ അതിനുള്ള കാരണം രജിസ്റ്ററിലും, ടാക്സ് ലൈസൻസ്/ഫീസ് രസീത് എന്നിവയിലും രേഖപ്പെടുത്തേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഓഫീസ് മേലധികാരികൾ ഉറപ്പ വരുത്തേണ്ടതാണ്.

ഒപ്പ്
ട്രാൻസ്പോർട്ട് കമ്മീഷണർ

അംഗീകാരത്തോടെ

ജൂനിയർ സൂപ്രണ്ട്